സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

07/2014 ന് ശേഷം പെൻഷനായവർക്ക് സർവ്വീസിൽ ലഭിക്കേണ്ട ശമ്പളപരിഷ്ക്കരണ കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 516/16/Est-1 നന്തൻകോട്, 16/03/2017

---

പരാമർശം :- (1) 04-02-2017 ലെ മേൽ നമ്പർ ഉത്തരവ്.

(2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 08-3-2017 ലെ DA 1069/16/E4 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പെൻഷൻകാർക്ക് നൽകുവാനുള്ള പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക ഒറ്റ ഗഡുവായി നൽകുന്നതിന് ബോർഡുത്തരവായി (പരാമർശം -1).

അതിൻപ്രകാരം നടപടി സ്വീകരിച്ചുവരുന്നുവെന്നും എന്നാൽ 2014 ജൂലായ് മാസം മുതൽ പെൻഷൻ പറ്റിയ ജീവനക്കാരുടെ സർവ്വീസിൽ ലഭിക്കേണ്ട ശമ്പള പരിഷ്ക്കരണ കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് ഉത്തരവ് ലഭിച്ചിട്ടില്ലാത്തതാണെന്നും നിലവിൽ ടി ഇനത്തിൽ നൽകുന്നതിനുള്ള തുക ദേവസ്വം ഫണ്ടിൽ ലഭ്യമായതിനാലും ഈ മാസം തന്നെ (2017 മാർച്ച് 31 ന് മുൻപ്) പെൻഷൻകാരുടെ ശമ്പളപരിഷ്ക്കരണ തുക കൂടി നൽകുന്നപക്ഷം ആയത് ഡിപ്പാർട്ട്മെന്റിന് സാമ്പത്തിക ലാഭം ഉണ്ടാകും എന്നതിനാൽ ആയത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു. അധിക പലിശ നൽകുന്നതുമൂലം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന ഇനങ്ങൾ മാത്രം ഒറ്റ ഗഡുവായി നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. അക്കൗണ്ട്സ് സെക്ഷൻ, ദേവസ്വം ബോർഡാഫീസ്
4. പെൻഷൻ സെക്ഷൻ, ദേവസ്വം ബോർഡാഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

SK